**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506** **01-02-2024 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അതിഥി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അതിഥി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അതിഥി തൊഴിലാളികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 'അപ്നാ ഘർ' പദ്ധതി പ്രകാരം ഏതൊക്കെ ജില്ലകളിലാണ് വാസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | അപ്നാഘർ പദ്ധതി പ്രകാരം പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് വാസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## അതിഥി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

### 1. ആവാസ്

ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ തൊഴിലാനായി എത്തുന്ന തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ്, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതിയാണ് ആവാസ്. 18 നും 60 നുമിടയിൽ പ്രായമുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 5,16,320 അതിഥി തൊഴിലാളികൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിന്നും 25,000/- രൂപ വരെയുള്ള ചികിത്സാസഹായവും 2 ലക്ഷം രൂപ അപകട ഇൻഷ്വറൻസും 1 ലക്ഷം രൂപ ഡിസബിലിറ്റി ഇൻഷ്വറൻസും ലഭിക്കുന്നതിന് പുറമെ മെറ്റേണിറ്റി സംബന്ധമായ ചികിത്സയ്ക്കും പദ്ധതിയിൽ അംഗമാകുന്നവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

### 2. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി, 2010

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. മരണാനന്തര ആനുകൂല്യം, അപകട മരണ ആനുകൂല്യം, ആശ്വാസ ധനസഹായം, ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാ ആനുകൂല്യം, ചികിത്സാ ആനുകൂല്യം, ടെർമിനൽ ആനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം, മൃതദേഹങ്ങൾ അവരുടെ നാട്ടിലേക്ക് കൊണ്ടുപോകുന്നതിനുള്ള ധനസഹായം എന്നിവ ഈ പദ്ധതി പ്രകാരം നൽകിവരുന്നു.

### 3.അപ്നാഘർ പദ്ധതി

അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും, സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. നിലവിൽ അപ്നാഘർ പദ്ധതി പാലക്കാട് കഞ്ചിക്കോടും, കോഴിക്കോട് കിനാലൂരിലും ആരംഭിച്ചിട്ടുണ്ട്.

### 4. ആലയ് പദ്ധതി

സംസ്ഥാനത്ത് താമസിച്ച്, ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും വൃത്തിയും സുരക്ഷിതത്വമുള്ളതുമായ താമസ സൗകര്യം ഉറപ്പാക്കുന്നതിന് ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്ലി റസിഡൻസ് ഇൻ കേരള പ്രോജക്റ്റ് (AALAY) എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

## 5. ഫെസിലിറ്റേഷൻ സെന്ററുകൾ

ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

## 6. മെഡിക്കൽ ക്യാമ്പ്

അതിഥി തൊഴിലാളികൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണ ക്ലാസുകളും ടി തൊഴിലാളികൾക്ക് നേരിടുന്ന വിവിധ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പും എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്. കൂടാതെ ആവശ്യമായ തൊഴിലാളികൾക്ക് സൗജന്യമായി അവശ്യ മരുന്നുകളും ഈ ക്യാമ്പുകൾ വഴി നൽകുന്നുണ്ട്.

## 7.അതിഥി പോർട്ടൽ

അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രവാർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുൻപ് തന്നെ ടി തൊഴിലാളികളുടെ വിവരം രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ